സ്ഥാപിക്കുക, ഇടത്തരം നിക്ഷേപകർക്കാവശ്യമായ സംരംഭങ്ങൾ വിദഗ്ദ്ധരുടെ സഹായത്തോടെ രൂപവൽക്കരിക്കുകയും നടപ്പാക്കുകയും ചെയ്യുക എന്നിവയെല്ലാമാണ് ഉപഭോക്തൃ സംരംഭകത്വ വികസന പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ തുടക്കമായി തിരുവനന്തപുരം, കൊല്ലം ജില്ലകളിലായി പതിനഞ്ചോളം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 'സോഫ്റ്റ്' എന്ന പേരിൽ ഉൽപ്പന്നങ്ങൾ 'റൂട്ട്സി'-ന്റെ സഹായത്താൽ വിപണനം ചെയ്തു വരുന്നു. ദോശ, ഇഡ്ഡലി, അപ്പം എന്നിവയ്ക്കുള്ള മാവ് ദിവസേന വെറ്റ് ഗ്രൈന്റർ ഉപയോഗിച്ച് ആട്ടി കവറുകളിലാക്കി അതാതു ദിവസം തന്നെ വിപണനം നടത്തുക എന്നതാണ് പ്രവർത്തനം. ജോലി തേടി വിദേശത്തേക്ക് പോകുന്ന മലയാളി ആർജ്ജിക്കുന്ന അന്തർദേശീയ ബന്ധം, അനുഭവജ്ഞാനം, കാലോചിതമായി പരിഷ്കരിക്കപ്പെട്ട തൊഴിൽ വൈദഗ്ദ്ധ്യം, മെച്ചപ്പെട്ട സമ്പാദ്യം എന്നീ അനുകൂല ഘടകങ്ങൾ ഏകീകരിച്ച് അവരുടെ പുനരധിവാസം ലക്ഷ്യമിടുന്ന പദ്ധതികളും 'റൂട്ട്സ്' ആവിഷ്ക്കരിച്ചിട്ടുണ്ട്.

സിനിമാ വ്യവസായം നേരിടുന്ന പ്രതിസന്ധി

163 [1573] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിനിമാ വ്യവസായം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മേഖലയിൽ നിന്ന് സർക്കാരിന് ലഭിക്കുന്ന വരുമാനവും ഈ മേഖലയിൽ പണിയെടുക്കുന്ന ആളുകളുടെ എണ്ണവും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സിനിമാ വ്യവസായത്തെ തകർച്ചയിൽ നിന്ന് രക്ഷിക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഈ മേഖലയിൽ സംഘടനകൾ തമ്മിലുള്ള സംഘർഷത്തിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) സിനിമാ വ്യവസായത്തിന്റെ നിലനിൽപ്പിനായി ഇളവുകൾ നൽകണമെന്ന ആവശ്യം സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. എന്നാൽ തീയേറ്ററുടമകൾ പ്രവേശന ടിക്കറ്റുകളിൽ കൂടി ഈടാക്കുന്ന സർവ്വീസ് ചാർജ്ജിൽ നിന്ന് ഒരു നിശ്ചിത തുക (65 ലക്ഷം രൂപ) ചലച്ചിത്ര അക്കാദമിയ്ക്ക് നൽകി വരുന്നു. ഈ തുക അവശസിനിമാ കലാകാരന്മാർക്ക് പെൻഷൻ നൽകാൻ ഉപയോഗിക്കുന്നു.

(സി) സിനിമാ സംഘടനകൾ ഉന്നയിച്ച ആവശ്യങ്ങളിന്മേൽ മന്ത്രിസഭാ ഉപസമിതി ചർച്ച നടത്തി ആവശ്യമായ നടപടികൾ എടുത്തുവരുന്നു.

(ഡി) ഇല്ല.

(ഇ) ഇക്കാര്യത്തിന്മേൽ ഗവൺമെന്റ് തലത്തിൽ തീരുമാനമെടുത്തു വരുന്നു.

ഔദ്യോഗികഭാഷ സംബന്ധിച്ച പ്രവർത്തന പുരോഗതി

164 [1574] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഔദ്യോഗിക ഭാഷ സംബന്ധിച്ച പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മലയാളം ഭരണഭാഷയായി നിശ്ചയിച്ചിട്ടുള്ള പല വകുപ്പുകളും ഇപ്പോഴും എഴുത്തുകുത്തുകൾ നടത്തുന്നത് ഇംഗ്ലീഷ് ഭാഷയിലാണ് എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഹൈക്കോടതിയുടേയും മറ്റു കോടതികളുടേയും ഭരണ ഭാഷ മലയാളമാക്കുന്ന നടപടി ഏത് ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ ഭരണഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നതിന് നാലു തലങ്ങളിലായി ഔദ്യോഗികഭാഷാ സമിതികൾ രൂപവൽക്കരിച്ചിട്ടുണ്ട്. താലൂക്കു തലത്തിൽ തഹസിൽദാർ അദ്ധ്യക്ഷനും കൺവീനറും ആയിട്ടുള്ള സമിതി മണ്ടു മാസത്തിലൊരിക്കലും ജില്ലാ കളക്ടർ അദ്ധ്യക്ഷനും

LIBRARY ARCHIVES Kerala Legislative Assembly